പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2017-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 29-01-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2017-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

125/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 85

# 2017-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

1990-ലെ കേരള വനിതാ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1990-ലെ കേരള വനിതാ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 15-ാം വകുപ്പിന്റെ ഭേദഗതി.—1990-ലെ കേരള വനിതാ കമ്മീഷൻ ആക്റ്റിലെ (1995-ലെ 17) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ "സാക്ഷിയെയും" എന്ന വാക്കിനുപകരം "ആളെയും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1990-ലെ കേരള വനിതാ കമ്മീഷൻ ആക്റ്റിന്റെ (1995-ലെ 17) 15-ാം വകുപ്പ് പ്രകാരം ആക്റ്റിൻ കീഴിലുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക്, വകുപ്പിന്റെ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിരിക്കുന്ന സംഗതികളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.

പ്രസ്തുത വകുപ്പിന്റെ (എ) ഖണ്ഡപ്രകാരം സാക്ഷികളെ മാത്രം സമൺ ചെയ്യുന്നതിനും വിസ്തരിക്കുന്നതിനുമുള്ള അധികാരമാണ് കമ്മീഷന് ഉള്ളത്. അതിനാൽ, അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, സാക്ഷിയല്ലാതെയുള്ള ഏതെങ്കിലും ബന്ധപ്പെട്ട ആളുടെ ഹാജരാകൽ കമ്മീഷന് ആവശ്യമാകുമ്പോൾ അവരുടെ ഹാജരാകൽ നിർബന്ധമാക്കുവാൻ അതിന് സാധിക്കുകയില്ല. കമ്മീഷന് മുൻപാകെയുള്ള ഒരു പരാതിയിൻമേൽ തീർപ്പു കൽപ്പിക്കുവാൻ ബന്ധപ്പെട്ട ആളുകളെക്കൂടി കേൾക്കേണ്ടത് പലപ്പോഴും ആവശ്യമായി വരാറുണ്ട്. പ്രസ്തുത ബുദ്ധിമുട്ട് മറികടക്കുന്നതിനായി "സാക്ഷിയെയും" എന്ന വാക്കിനു പകരം "ആളെയും" എന്ന വാക്ക് ഉൾപ്പെടുത്തി പ്രസ്തുത ആക്റ്റിന്റെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. കെ. ശൈലജ ടീച്ചർ.

(ശരിത്തർജ്ജമ)

## 1990-ലെ കേരള വനിതാ കമ്മീഷൻ ആക്റ്റിൽ (1995-ലെ 17) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

**        **        **        **

15. കമ്മീഷന്റെ അധികാരങ്ങൾ.—ഈ ആക്റ്റിൻകീഴിലുള്ള ഏതൊരു അന്വേഷണത്തിന്റെയും ആവശ്യത്തിലേക്ക് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്)-യിൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരു സാക്ഷിയെയും സമൺ ചെയ്യുന്നതിനും അയാൾ ഹാജരാകുന്നത് നിർബന്ധിക്കുന്നതിനും അയാളെ വിസ്തരിക്കുന്നതിനും;

**        **        **        **